ബോർഡ് പോലെയും, കോഫി ബോർഡ് പോലെയും ഉൽപ്പാദനവും വിപണനവും ഫലപ്രദമാക്കിത്തീർക്കുന്നതിനുവേണ്ടിയുള്ള സഹായങ്ങളും ഉൾപ്പെടെയുള്ള സഹായങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു ബോർഡ് രൂപീകരിക്കുവാൻ പോകുന്നു എന്നാണ് മനസ്സിലാക്കാൻ സാധിച്ചത്. അതുകൊണ്ട് അതിൽ യാതൊരു ആശങ്കക്കും അവകാശമില്ല. ഏതായാലും കാർഡമം ഉൽപ്പാദകരെ സംബന്ധിച്ചിടത്തോളം അവർക്ക് ഇന്നു നൽകിവരുന്ന സാമ്പത്തിക സഹായം ഉൾപ്പെടെയുള്ള സഹായങ്ങളും, പ്ലാന്റേഷനും മാർക്കറ്റിംഗിനും ഉള്ള സൗകര്യങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു പുതിയ ബോർഡിന് സംവിധാനം നൽകുന്നു എന്നാണ് സംസ്ഥാന ഗവൺമെന്റിനെ കേന്ദ്ര ഗവൺമെന്റ് അറിയിച്ചിട്ടുള്ളത്. തുടർന്നും ആവശ്യമായ നടപടികളും സ്വീകരിക്കാം.

(11) സഹകരണ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ

ശ്രീ. ഒ. ഭരതൻ : സർ, സഹകരണ ജീവനക്കാർക്ക് ശമ്പള പരിഷ്കരണം ഏർപ്പെടുത്തുന്നതിനുവേണ്ടി രൂപീകരിക്കപ്പെട്ട കമ്മിറ്റി ഉണ്ടാക്കിയിട്ടുള്ള ടേംസ് ഓഫ് റഫറൻസിൽ ക്രെഡിറ്റ് മേഖലയിലെ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ, സംഘങ്ങളുടെ ക്ലാസിഫിക്കേഷൻ, സ്റ്റാഫ് പാറ്റേൺ എന്നിവ ഒഴിവാക്കിയിരിക്കുകയാണ്. എട്ടാം വകുപ്പ് നടപ്പിലാക്കാത്ത ഡയറി, ഹോസ്പിറ്റൽ, ഹോൾസെയിൽ തുടങ്ങിയ സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്കുള്ള വേതന വർദ്ധനവും ഇതിൽ ഉൾപ്പെടുത്തിയിട്ടില്ല. 1969-ൽ നടപ്പിലാക്കിയ സഹകരണ നിയമത്തിലെ ചില വ്യവസ്ഥകൾ പ്രകാരം മിനിമം വേതനംപോലും വ്യവസായ സഹകരണ സംഘങ്ങളിലും മറ്റും ജോലി ചെയ്യുന്ന ഇരുപതിനായിരത്തിൽപ്പരം ജീവനക്കാർക്ക് കൊടുക്കുവാൻ അനുവദിച്ചിട്ടില്ല. സഹകരണ രജിസ്ട്രാറുടെ നിയന്ത്രണത്തിലുള്ള ഹോൾസെയിൽസ്, ഹോസ്പിറ്റൽ, ഹൗസിംഗ് സംഘങ്ങൾ എന്നിവയെ ഒഴിവാക്കി, ക്രെഡിറ്റ് സംഘങ്ങളുടെ ശമ്പളം പരിഷ്കരിപ്പിക്കാൻ കമ്മിറ്റി ഉണ്ടാക്കി. സംഘങ്ങളുടെ വളർച്ചയേയും വ്യാപ്തിയേയും കണക്കിലെടുത്ത് ക്ലാസിഫിക്കേഷനും സ്റ്റാഫ് പാറ്റേണും മാറ്റണം. മുഴുവൻ ജീവനക്കാർക്കും ബാധകമാകുന്ന വിധത്തിൽ സേവന-വേതന വ്യവസ്ഥകൾ നിർണ്ണയിക്കേണ്ടതാണ്. ഈ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് സഹകരണ ജീവനക്കാർ പ്രക്ഷോഭണങ്ങളും സമരങ്ങളും നടത്താൻ തീരുമാനിച്ചിരിക്കുകയാണ്. ഈ സമരങ്ങളും മറ്റും ഒഴിവാക്കി പ്രശ്നങ്ങൾ പരിഹരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

സഹകരണ വകുപ്പുമന്ത്രി (ശ്രീമതി എം. കമലം) : ബഹുമാനപ്പെട്ട മെമ്പർ സബ്മിഷനിലൂടെ ഉന്നയിച്ചിട്ടുള്ളത് രണ്ട് കാര്യങ്ങളാണ്. ഒന്ന്, സഹകരണ ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിയമിതമായിട്ടുള്ള കമ്മിറ്റിയുടെ ടേംസ് ഓഫ് റഫറൻസിൽ ക്രെഡിറ്റ് മേഖലയിലെ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ, ക്ലാസിഫിക്കേഷൻ അതുപോലെതന്നെ സംഘങ്ങളുടെ സ്റ്റാഫ് പാറ്റേൺ തുടങ്ങിയവയും കൂടി ഉൾപ്പെടുത്തണമെന്നാണ്. സഹകരണ വകുപ്പിന്റെ കീഴിലുള്ള പ്രൈമറി സഹകരണ സംഘങ്ങളിലെ ജീവനക്കാർ 1-4-1984 മുതൽ ശമ്പള പരിഷ്കരണത്തിന് അർഹരാണ്. അതേസമയംതന്നെ 26-10-1984-ന് സഹകരണവകുപ്പ് സെക്രട്ടറി ചെയർമാനായും, മൂന്ന് അംഗീകൃത യൂണിയനുകളുടെ സെക്രട്ടറിമാരും സ്റ്റേറ്റ് കോ ഓപ്പറേറ്റീവ് ബാങ്കിന്റെ എം. ഡി. യും ജില്ലാ ബാങ്കിന്റെ ഒരു പ്രതിനിധിയും അംഗങ്ങളായും ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റി 1-3-1985-ലും 31-6-1985-ലും

LIBRARY ARCHIVES Kerala Legislative Assembly

ചേരുകയും ഒരു കരടു നിർദ്ദേശം നൽകുന്നതിന് ഈ മൂന്നു യൂണിയനു കളോടും ആവശ്യപ്പെട്ടിട്ടുമുണ്ട്. ആ നിർദ്ദേശങ്ങൾ കിട്ടിക്കഴിഞ്ഞാൽ ഉടൻ തന്നെ ആ നിർദ്ദേശങ്ങൾ കമ്മിറ്റി പരിശോധിച്ച് വേണ്ടത് ചെയ്യുന്നതാണ്. സഹകരണ സംഘം രജിസ്ട്രാറുടെ കീഴിലുള്ള പ്രാഥമിക സംഘങ്ങളുടെ സേവന വ്യവസ്ഥകളും ക്ലാസിഫിക്കേഷനും ഇപ്പോഴത്തെ നിലവിലുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ആവശ്യപ്പെട്ടതുപോലെ പൂർണ്ണമായും ഇതു നടത്തണമെങ്കിൽ സമഗ്രമായ ഒരു പരിശോധന ആവശ്യമാണ്. എല്ലാ മാനദണ്ഡങ്ങളും വിശദമായി, ശാസ്ത്രീയമായി പഠിച്ച് നടപടികൾ പൂർത്തിയാക്കുന്നതിന് വളരെയധികം കാലതാമസം വരും. അതുകൊണ്ടാണ് ശമ്പള പരിഷ്കരണവും സേവന-വേതന വ്യവസ്ഥകളും സ്റ്റാഫ് പാറ്റേണുമായി ബന്ധപ്പെടുത്തരുത് എന്നു കമ്മിറ്റി തീരുമാനിച്ചത്. ശമ്പള പരിഷ്കരണത്തിന് വേണ്ട നടപടി സ്വീകരിക്കാം. ഹൗസിംഗ്, ഹോസ്പിറ്റൽ, മൊത്തവ്യാപാര സംഘം തുടങ്ങിയ സ്ഥാപനങ്ങൾ പ്രത്യേക വിഭാഗമായതുകൊണ്ട് അവയെ മേൽ പറഞ്ഞ കമ്മിറ്റിയുടെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടില്ല. മൊത്തവ്യാപാര സംഘങ്ങൾ ഇപ്പോഴത്തെ നിലവിലുണ്ട്. 1974 മുതൽ മൊത്തവ്യാപാര സംഘങ്ങളുടെ സാമ്പത്തിക സ്ഥിതി വളരെ മോശമായതുകൊണ്ട് അവർക്ക് ഇതു കൊടുക്കുവാൻ സാധിച്ചിട്ടില്ല. ശമ്പള പരിഷ്കരണത്തിൽ ഉൾപ്പെടുത്താൻ സാധിച്ചിട്ടില്ല. അവർക്ക് മുപ്പതു രൂപ മാസംതോറും സഹായമായി വർദ്ധിപ്പിച്ചുകൊടുക്കാൻ ഗവൺമെന്റ് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

മറ്റൊരു കാര്യം പറയാനുള്ളത് സെക്ഷൻ 80 നടപ്പിലാക്കുന്ന കാര്യമാണ്. സഹകരണ രജിസ്ട്രാറുടെ കീഴിലുള്ള സ്ഥാപനങ്ങൾക്കെല്ലാം സെക്ഷൻ 80 ബാധകമാണ്. യൂണിയനുമായി ആലോചിച്ച് നടപ്പിലാക്കേണ്ടതാണ്. അതേസമയം കയർ, ഫിഷിംഗ്, ഡയറി തുടങ്ങിയ വ്യവസായത്തിലെ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ ഏകീകരിക്കുന്നതിനുവേണ്ടി 1981-ൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട് സഹകരണവകുപ്പ് സെക്രട്ടറി അദ്ധ്യക്ഷനായിട്ടുള്ള ആ വകുപ്പിലെ എല്ലാ മേലദ്ധ്യക്ഷൻമാരും ഉൾക്കൊള്ളുന്ന ഒരു കമ്മിറ്റിയാണ് അത്. കമ്മിറ്റി പലതവണ യോഗം കൂടുകയും വിവരങ്ങൾ ശേഖരിക്കുകയും പല സൊസൈറ്റികളുടേയും ഫെഡറേഷനുകളുടേയും നിർദ്ദേശം സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ ഡിപ്പാർട്ടുമെന്റിനോടു തന്നെ കാര്യമായ രീതിയിൽ നിർദ്ദേശിച്ചിട്ടുണ്ട്. സഹകരണ വകുപ്പുമന്ത്രിയുടേയും രജിസ്ട്രാറുടേയും മാത്രം നിയന്ത്രണത്തിലുള്ളതല്ല ഇതെന്നും അതുകൊണ്ട് എടുക്കാവുന്ന നടപടികൾ എടുക്കുന്നതാണ് എന്നുമാണ് എനിക്ക് അറിയിക്കുവാനുള്ളത്.

IV പ്രസ്താവന

പഞ്ചാബ് പ്രശ്നപരിഹാരം

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, നമ്മുടെ രാഷ്ട്രം ഒന്നടങ്കം ആശ്വാസം കൊള്ളുന്നതും നമുക്ക് അഭിമാനിക്കാവുന്നതുമായ ഒന്നിനെക്കുറിച്ചാണ് ഞാൻ പറയാൻ ആഗ്രഹിക്കുന്നത്. കഴിഞ്ഞ ഒരു വ്യാഴവട്ടക്കാലമായി ഇൻഡ്യയിൽ നിലനിന്നിരുന്ന പഞ്ചാബ് പ്രശ്നത്തിന് ഒരു പരിഹാരം കണ്ടുകൊണ്ട് ഇന്നത്തെ നമ്മുടെ പ്രിയങ്കരനായ, കരുത്തനായ പ്രധാനമന്ത്രി ശ്രീ. രാജീവ് ഗാന്ധിയും, അകാലിദൾ അദ്ധ്യക്ഷൻ ലോംഗോവാളും തമ്മിൽ ഉണ്ടാക്കിയിട്ടുള്ള കരാർമൂലം ഈ അദ്ധ്യായം ശാശ്വതമായി പരിഹരിക്കപ്പെടും എന്നു നമുക്കു പ്രതീക്ഷിക്കാം. 1973-ലെ അനന്തപ്പൂർ റസല്യൂഷൻ മുതൽ പഞ്ചാബ് പ്രശ്നം അനുദിനം വളരെ ഉത്കണ്ഠാകുലമായ നിലയിലേക്ക്

LIBRARY ARCHIVES Kerala Legislative Assembly